**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1226** — **10-08-2023 - ൽ മറുപടിയ്ക്ക്**

**പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയത് എന്ന് വിശദമാക്കാമോ; | (ബി) | 343 കോടി രൂപയുടെ ഡി.പി.ആർ ആണ് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് എത്ര ഏക്കർ സ്ഥലം വേണ്ടി വരും എന്ന് വ്യക്തമാക്കുമോ; ടെണ്ടർ നടപടി പൂർത്തീകരിച്ച് എപ്പോൾ തുറമുഖ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) | ഏകദേശം 25 ഏക്കർ സർക്കാർ പുറമ്പോക്ക് -സ്ഥലം പൊഴിയൂരിൽ ലഭ്യമാണ്. പ്രസ്തുത സ്ഥലം ഹാർബർ നിർമ്മാണത്തിനായി ഉപയുക്തമാക്കാവുന്നതാണ്. തുറമുഖ നിർമ്മാണത്തിനായി സമർപ്പിച്ച ഡി.പി.ആർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ